നമ്പർ. MIT-5/…………

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,

## സർക്കുലർ

ബാഡ്ജ്, കണ്ടക്ടർ എന്നീ പരീക്ഷകൾ കമ്പ്യൂട്ടർ മുഖാന്തിരം നടത്തുവാനുള്ള പരിഷ്കാരങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ സ്മാർട്ട് മൂവ് സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തുന്നു. ഈ ഓൺലൈൻ സംവിധാനം നടപ്പിൽ വരുത്തുമ്പോൾ നിലവിലുള്ള നടപടിക്രമങ്ങളിൽ ചില വ്യതിയാനങ്ങൾ ആവശ്യമായി വരുന്നു. ആയതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ ഉത്തരവ് നമ്പർ ……………………………… പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിയ്ക്കുന്നതിനുള്ള അംഗീകാരത്തിനായുള്ള ടെസ്റ്റ് (ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റ്) സ്റ്റേജ് കാര്യേജ് ബസ്സുകളിലെ കണ്ടക്ടർ ആയി പ്രവർത്തിയ്ക്കുവാനുള്ള ലൈസൻസ് എന്നിവ കമ്പ്യൂട്ടർ മുഖാന്തിരം നടത്തുന്ന പരീക്ഷ വഴി നടത്തി പാസ്സായതിനു ശേഷം മാത്രം നൽകണം എന്ന് നിഷ്കർഷിയ്ക്കുന്നു.

1. കണ്ടക്ടർ ലൈസൻസ് ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റ് എന്നിവയ്ക്കുള്ള നിലവിലുള്ള വാചാ പരീക്ഷാ സമ്പ്രദായം 01-05-2016 മുതൽ നിർത്തലാക്കുകയും പകരം കമ്പ്യൂട്ടർ അധിഷ്ഠിത കണ്ടക്ടർ ടെസ്റ്റ്/ബാഡ്ജ് ടെസ്റ്റ് എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നടപ്പിൽ വരുത്തേണ്ടതാണ്.

2. എൽ.എം.വി/3 വീലർ ലൈസൻസ് എടുത്ത് ഒരു വർഷത്തിന് ശേഷം 20 വയസ് പൂർത്തിയാകുകയും, നിർദ്ദിഷ്ട യോഗ്യതയുള്ളതുമായ അപേക്ഷകർ മറ്റേതെങ്കിലും തരം വാഹനം ഓടിയ്ക്കുന്നതിനുള്ള ലേണേഴ്സ് ലൈസൻസും അതിനോടൊപ്പം ബാഡ്ജിനും അപേക്ഷിയ്ക്കുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞിരിയ്ക്കുന്ന ലേണേഴ്സ് ലൈസൻസിലെ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവിംഗ് ടെസ്റ്റിനു മുൻപായി കമ്പ്യൂട്ടർ അധിഷ്ഠിത ബാഡ്ജ് ടെസ്റ്റ് നടത്തി ലേണേഴ്സ് ലൈസൻസിൽ രേഖപ്പെടുത്തിയ ശേഷം ഡ്രൈവിംഗ് ലൈസൻസിൽ അധിക ക്ലാസ്സ് കൂട്ടി ചേർക്കുന്നതിനുള്ള ഡ്രൈവിംഗ് ടെസ്റ്റ് നടത്തിയാൽ മതിയകും. നിലവിലുള്ള അപേക്ഷാഫോമുകൾ, ഫീസ്, സർവ്വീസ് ചാർജ്ജ് എന്നിവയിൽ മാറ്റമൊന്നുമില്ല.

3. അഡീഷണൽ ക്ലാസ്സ് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രായോഗിക കാര്യക്ഷമതാ ടെസ്റ്റ് പാസാകുന്ന മുറയ്ക്ക് പ്രസ്തുത ക്ലാസ്സ് കൂട്ടിച്ചേർക്കുന്നതോടൊപ്പം ബാഡ്ജിന്റെ വിവരം കൂടി ചേർത്ത് ലൈസൻസ് നൽകേണ്ടതാണ്.

4. ആദ്യമായി ലൈസൻസ് എടുക്കുന്നവർക്ക് ഓട്ടോറിക്ഷയോടൊപ്പം ബാഡ്ജ്ടെസ്റ്റ് കൂടി നടത്തി ബാഡ്ജ് നൽകുന്ന രീതി (ഇപ്പോൾ നിലവിലുള്ളത്) വർദ്ധിച്ചുവരുന്ന അപകടങ്ങൾ കാരണം

നിർത്തലാക്കുവാൻ മോട്ടോർ വാഹന വകുപ്പ് നിർബന്ധിതമായിരിയ്ക്കുന്നു. കൂടാതെ, കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം പ്രസ്തുത സേവനം രണ്ടായിതന്നെ നൽകേണ്ടതാണ് എന്ന് നിഷ്കർഷിയ്ക്കുന്നു. അതായത് 3 വീലർ ലൈസൻസ് എടുത്ത ശേഷം ഒരു വർഷം കഴിഞ്ഞതിനു ശേഷവും 20 വയസ് പൂർത്തിയാക്കിയതിനു ശേഷവും മാത്രമേ ബാഡ്ജ് ടെസ്റ്റ് അനുവദിയ്ക്കാവൂ. എന്നാൽ ഇതുവരെ ഫീസ് അടച്ച് ലേണേഴ്സ് എടുത്തിരിയ്ക്കുന്നവർക്ക് 31-05-2016 വരെ കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റിൽ പങ്കെടുത്ത് ഓട്ടോറിക്ഷയോടൊപ്പം നൽകുവാൻ അവസരം നൽകേണ്ടതാണ്.

ലൈസൻസ് എടുത്ത് ഒരുവർഷം പൂർത്തിയാകാത്തവർക്ക് 3 വീലർ/...... ബാഡ്ജിനുള്ള ഫീസ് അടയ്ക്കുവാനുള്ള സാഹചര്യം 25-04-2016 മുതൽ നിർത്തലാക്കുന്നു.

4. ബാഡ്ജ് ടെസ്റ്റിനും, കണ്ടക്ടർ ടെസ്റ്റിനും കമ്പ്യൂട്ടറിൽ വെവ്വേറെ ഉൾപ്പെടുത്തിയിട്ടുള്ള 180-ൽ പരം ചോദ്യങ്ങളിൽ നിന്നും കമ്പ്യൂട്ടർ സംവിധാനത്തിലധിഷ്ഠിതമായി അപേക്ഷകനു നൽകുന്ന പരമാവധി 20 ചോദ്യങ്ങൾക്ക് 20 മിനിറ്റ് സമയ പരിധിയ്ക്കുള്ളിൽ 60% അതായത്, 12 ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകിയാൽ അപേക്ഷകൻ പാസ്സാവുകയും ചെയ്യുന്നു. പരാജയപ്പെട്ടയാൾക്ക് വീണ്ടും ടെസ്റ്റിനുള്ള ഫീസ് ഒടുക്കി അടുത്ത ടെസ്റ്റ് ദിനത്തിൽ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

5. വിജയിയായ അപേക്ഷകനു അതാത് ദിവസം തന്നെ ഡ്രൈവിംഗ് ടെസ്റ്റ്/കണ്ടക്ടർ ലൈസൻസ് ഡെസ്പാച്ച് ചെയ്യേണ്ടതാണ്.

6. ബാഡ്ജ് ടെസ്റ്റിൽ പരാജയപ്പെടുകയാണെങ്കിൽ 50/-രൂപ (ബാഡ്ജ് ടെസ്റ്റ് ഫീ) ടി. ഡ്രൈവിംഗ് ലൈസൻസ് നമ്പരിൽ സ്വീകരിച്ച ശേഷം വീണ്ടും ബാഡ്ജ് ടെസ്റ്റ് അടുത്ത ടെസ്റ്റ് ദിവസം നടത്തേണ്ടതാണ്. ബാഡ്ജ് ആവശ്യമായിട്ടുള്ള ലേണേഴ്സ് ലൈസൻസ് ആണ് ബാഡ്ജ് അപേക്ഷയ്ക്കൊപ്പമുള്ളതെങ്കിൽ ബാഡ്ജ് ടെസ്റ്റ് പാസായതിനു ശേഷം മാത്രമേ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുവാൻ പാടുള്ളൂ.

7. കമ്പ്യൂട്ടർ അധിഷ്ഠിത കണ്ടക്ടർ ടെസ്റ്റ് പാസാകുന്ന അപേക്ഷകർക്ക് കണ്ടക്ടർ ലൈസൻസ് നൽകേണ്ടതാണ്. കണ്ടക്ടർ ടെസ്റ്റ് പരാജയപ്പെടുന്നവർക്ക് കണ്ടക്ടർ ടെസ്റ്റ് ഫീസ് അടച്ചതിന് ശേഷം അടുത്ത ടെസ്റ്റ് ദിവസം ടെസ്റ്റ് നടത്തേണ്ടതാണ്.

8. ബാഡ്ജ്, കണ്ടക്ടർ ടെസ്റ്റുകൾ നടത്തുന്ന ദിവസം, സമയം എന്നിവ മുൻകൂറായി അതാതു ലൈസൻസിംഗ് അതോറിറ്റിമാർ പ്രഖ്യാപിച്ചുകൊണ്ട് അറിയിപ്പ് നൽകേണ്ടതാണ്. എല്ലാ ലേണേഴ്സ് ടെസ്റ്റ് ദിനങ്ങളിലും പ്രസ്തുത ടെസ്റ്റുകൾകൂടി ലേണേഴ്സ് ടെസ്റ്റിനൊപ്പം നടത്തേണ്ടതാണ്.

9. ടെസ്റ്റിനു ഹാജരാകുന്ന അപേക്ഷകരെയും, അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് അപേക്ഷകനെ ടെസ്റ്റിന് അഡ്മിറ്റ് ചെയ്യേണ്ടത് അസിസ്റ്റന്റ് ലൈസൻസിംഗ് അതോറിറ്റിമാരാണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ ടെസ്റ്റിന്റെ നിരീക്ഷകരായി ചുമതല നൽകാവുന്നതാണ്. ടെസ്റ്റിൽ പങ്കെടുക്കുന്ന അപേക്ഷകർക്ക് (ടെസ്റ്റ് ആരംഭിയ്ക്കുവാനുള്ള സഹായമല്ലാതെ) ടെസ്റ്റ് വിജയിയ്ക്കുവാനുള്ള ബാഹ്യമായ സഹായം ഒന്നുംതന്നെ ലഭിയ്ക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് നിരീക്ഷകന്റെ ഉത്തരവാദിത്വവും

ച്ചമതലയുമായിരിക്കും.

10. ടെസ്റ്റിന് ഹാജരാകുന്ന അപേക്ഷകർ പൊതു സേവകൻ എന്ന നിലയിൽ ജോലി ചെയ്യുന്നതിന് യോഗ്യരാണോ എന്ന് അസിസ്റ്റന്റ് ലൈസൻസിംഗ് അതോറിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

11. അപേക്ഷകർ എല്ലാവരുംതന്നെ മോട്ടോർ വാഹന വകുപ്പ് നടത്തുന്ന ബോധവൽകരണ ക്ലാസ്സുകളിൽ ബാഡ്ജ്/കണ്ടക്ടർ ടെസ്റ്റിനു മുൻപായി പങ്കെടുക്കേണ്ടതാണ്.

12. ക്ലാസ്സുകൾ നടത്തുന്ന പരിശീലകരായ ഉദ്യോഗസ്ഥർ, ടെസ്റ്റിനായി ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങളുടേയും ഉത്തരങ്ങളുടേയും വിശദീകരണം (വാഹനങ്ങളുടെ തരം, ഘടകങ്ങളുടെ പ്രവർത്തനം, റോഡുസുരക്ഷ, റോഡ് നിയമങ്ങൾ, അപേക്ഷയും നടപടിക്രമങ്ങളും, ഡ്രൈവിംഗ് ടെസ്റ്റ്, ഡ്രൈവിംഗ് രീതി, ഡ്രൈവറുടെ/കണ്ടക്ടറുടെ കടമകൾ, ഉത്തരവാദിത്വങ്ങൾ, സ്വഭാവം, പെരുമാറ്റം എന്നിവയെക്കുറിച്ച്) പ്രസ്തുത ക്ലാസ്സുകളിൽ നൽകേണ്ടതാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ

23/4/16

സിഡി